# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 27.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അക്കൗണ്ട് ഉടമകൾക്ക് നാലു നോമിനികളെ വരെ അനുവദിച്ചുകൊണ്ടുള്ള ബാങ്കിംഗ് നിയമ ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി.

   **Parliament has passed the Banking Laws (Amendment) Bill 2024, allowing up to four nominees for account holders.**

2. ഊർജ്ജ, വ്യാവസായിക മേഖലകളിൽ സ്വാശ്രയത്വം ലക്ഷ്യമിട്ട്, 12-ാം ഘട്ട കൽക്കരി ഖനി ലേലം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും.

   **Aiming for self-reliance in the energy and industrial sectors, the 12th phase of coal mine auction will begin in New Delhi today.**

3. ഇന്ത്യ- ചൈന ബന്ധം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കർ .

   **Union External Affairs Minister S Jaishankar says that efforts to strengthen India-China relations are progressing.**

4. രാജ്യത്തെ എല്ലാ ജില്ലകളിലും വിവാഹപൂർവ കൗൺസിലിംഗ് കേന്ദ്രങ്ങൾ തുറക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ.

   **The National Commission for Women says that pre-marital counseling centers will be opened in all districts of the country.**

5. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരെ പുനരധിവാസിപ്പിക്കാനുള്ള ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

**Chief Minister Pinarayi Vijayan will lay the foundation stone of a township to rehabilitate the victims of Mundakai-Churalmala today.**

6. ഖേലോ ഇന്ത്യ പാരാ ഗെയിംസ് ഇന്ന് സമാപിക്കും. ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ജയം.

**The Khelo India Para Games will conclude today. Kolkata Knight Riders win against Rajasthan Royals in IPL cricket.**

***********************************************

## NIRMALA BANKING LAWS ..INTRO

രാജ്യസഭയിൽ അംഗീകാരം ലഭിച്ചതോടെ ബാങ്കിംഗ് നിയമ ഭേദഗതി ബിൽ 2024 പാർലമെന്റ് പാസാക്കി. ലോക്സഭ നേരത്തെ ബിൽ പാസാക്കിയിരുന്നു. ഒരു ബാങ്ക് അക്കൗണ്ടിന് നിലവിൽ ഒരു നോമിനി എന്നുള്ളത് നാലായി ഉയർത്താനും ബിൽ വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തെ ബാങ്കിംഗ് മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഒട്ടേറെ പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടിയായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. കഴിഞ്ഞ വർഷം പൊതുമേഖലാ ബാങ്കുകൾ ഇതുവരെ നേടിയതിൽ വച്ച് ഏറ്റവും ഉയർന്ന അറ്റാദായമായ 1.41 ലക്ഷം കോടി രൂപ നേടിയതായി ധനമന്ത്രി പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

***********************************************

## REV LS-TRIBHUVAN

ഗുജറാത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദിനെ ഇന്ത്യയിലെ ആദ്യ സഹകരണ സർവകലാശാലയാക്കി ഉയർത്താൻ ലക്ഷ്യമിട്ടുള്ള ത്രിഭുവൻ സഹകാരി സർവകലാശാല ബിൽ 2025 ലോക്സഭ പാസാക്കി. സഹകരണ മേഖലയിൽ സാങ്കേതിക, മാനേജ്മെൻറ് വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെൻറ് ആനന്ദിനെ ഉയർത്തും. പ്രതിവർഷം എട്ട് ലക്ഷം പ്രൊഫഷണലുകൾക്ക് പരിശീലനം നല്കും. ഇന്ത്യയുടെ സഹകരണ ചരിത്രത്തിലെ നാഴികക്കല്ലാണ് ബില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു.

***********************************************

## MINE AUCTIONS

കൽക്കരി ഖനി ലേലത്തിന്റെ 12-ാം ഘട്ടം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. അനുവദിച്ച ഖനികളിൽ, 13 എണ്ണം പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചു. 12 എണ്ണം ഭാഗികമായി ഖനനം ആരംഭിച്ചു. ആഭ്യന്തര, വിദേശ നിക്ഷേപകർ ലേലത്തിൽ പങ്കെടുക്കും. ഊർജ്ജ, വ്യാവസായിക മേഖലകളിലെ രാജ്യത്തിൻറെ സ്വാശ്രയത്വത്തിൽ നിർണ്ണായകമാണ് ഖനന പ്രവർത്തനങ്ങൾ.

***********************************************

## CAPITAL PROCUREMENT CONTRACTS

2024-2025 സാമ്പത്തിക വർഷത്തിൽ 1.40 ലക്ഷം കോടി രൂപയുടെ മൂലധന സംഭരണ കരാറുകൾക്ക് പ്രതിരോധ മന്ത്രാലയം അന്തിമരൂപം നൽകി. സൈന്യത്തിന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനായി ഉന്നതനിലവാരമുള്ള തോക്കുകളും പീരങ്കികളും വാഹനങ്ങളും സംഭരിക്കുന്നതിനൊപ്പം സൈനിക നവീകരണത്തിനും കരാറുകൾ ഊന്നൽ നൽകുന്നു. സ്വകാര്യ

മേഖലയിൽ നിന്ന് യുദ്ധോപകരണങ്ങൾ സംഭരിക്കുന്നതിന്റെ ഭാഗമായി ഭാരത് ഫോർജ് ലിമിറ്റഡും ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റം ലിമിറ്റഡുമായി 6,900 കോടി രൂപയുടെ കരാറുകളിൽ മന്ത്രാലയം ഒപ്പുവച്ചു.

*************************************

## JAISHANKAR-USCC CEO MEET (INTRO)

ഇന്ത്യ- ചൈന ബന്ധം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ഇരു രാജ്യങ്ങൾക്കുമിടയിൽ പുരോഗമിക്കുകയാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കർ . ഏഷ്യ സൊസൈറ്റി പ്രസിഡൻറുമായി നടത്തിയ ചർച്ചകളിലാണ് ശ്രീ ജയശങ്കർ ഇങ്ങനെ പരാമർശിച്ചത്. കഴിഞ്ഞ വർഷം ഒക്ടോബർ മുതൽ ഇന്ത്യ-ചൈന ബന്ധം മെച്ചപ്പെട്ടതായും അമേരിക്കൻ നയങ്ങളിൽ നിർണായക മാറ്റം ഉണ്ടായതായും ശ്രീ ജയശങ്കർ പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

വ്യാപാര മേഖലയിൽ ഇന്ത്യയും അമേരിക്കയും തമ്മിൽ നിർണായക ചർച്ചകൾ നടത്തുന്നതായും ഊർജ മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

*************************************

## GOYAL-IPR AWARDS

വികസിത രാഷ്ട്രമാകാനുള്ള പ്രയാണത്തിൽ നൂതനാശയങ്ങളായിരിക്കും ഇന്ത്യയുടെ ഭാവി നിർണയിക്കുക എന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ ബൗദ്ധിക സ്വത്ത് അവകാശ പുരസ്ക്കാര ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഗവേഷണം, വികസനം, നൂതന സാങ്കേതിക വിദ്യ, ഉത്പാദന, ചരക്ക് സേവന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ

രാജ്യത്തിന് വികസിത രാഷ്ട്രമെന്ന് അവകാശപ്പെടാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

*************************************

## OPEN HOUSE

പിഎം ഇന്റേൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വെർച്വൽ കാൻഡിഡേറ്റ് ഓപ്പൺ ഹൗസ് ഇന്ന് നടക്കും. കോർപ്പറേറ്റ് കാര്യ മന്ത്രാലയമാണ് സംഘാടകർ. അപേക്ഷകരുടെ തത്സമയ സംശയനിവൃത്തിയാണ് സംവേദനാത്മക ഫോറം ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് മികച്ച ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുന്നതിനും അക്കാദമിക് പഠനത്തിനും സർക്കാർ രൂപകല്പന ചെയ്ത സംരംഭമാണ് പി.എം ഇന്റേൺഷിപ്പ് പദ്ധതി. മികച്ച 500 കമ്പനികളിൽ 12 മാസത്തെ ഇന്റേൺഷിപ്പ് പദ്ധതി വാഗ്ദാനം ചെയ്യുന്നു.

*************************************

## NCW PREMARITAL COUNSELING CENTRES

രാജ്യത്തെ എല്ലാ ജില്ലകളിലും വിവാഹപൂർവ കൗൺസിലിംഗ് കേന്ദ്രം തുറക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ അറിയിച്ചു. ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിൽ ആരംഭിച്ച കമ്മീഷന്റെ പുതിയ സംരംഭമാണിതെന്ന് ചെയർപേഴ്സൺ വിജയ രഹത്കർ പട്നയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇതുവരെ 11 സംസ്ഥാനങ്ങളിലായി 23 കേന്ദ്രങ്ങൾ തുറന്നിട്ടുണ്ടെന്ന് അവർ പറഞ്ഞു.

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*************************************

## WAYANADU TOWNSHIP – INTRO

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവാസിപ്പിക്കാനുള്ള ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ, ആയിരം ചതുരശ്രയടി വിസ്തീർണത്തിലാണ് വീടുകൾ നിർമിക്കുക. **വിശദാംശങ്ങളിലേയ്ക്ക് .....**

(വോയ്സ്)

## WAYANADU TOWNSHIP (VO)

ഒറ്റനിലയായി പണിയുന്ന വീടുകളിൽ ഭാവിയിൽ രണ്ടുനില പണിയാനുള്ള അടിത്തറയൊരുക്കും. ആരോഗ്യകേന്ദ്രം, ആധുനിക അങ്കണവാടി, പൊതുസ്ഥാപനങ്ങൾ, വ്യാപാര സൗകര്യങ്ങൾ, കമ്മ്യൂണിറ്റി സെന്റർ തുടങ്ങിയവയും ടൗൺഷിപ്പിൽ ഒരുക്കുന്നുണ്ട്. ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമാണ പ്രവൃത്തികൾ നിർവഹിക്കുന്നത്. ടൌൺഷിപ്പിൽ വീടിന് താത്പര്യപ്പെടാത്ത ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ നല്കും. ഗൃഹനാഥൻറെയും ഗൃഹനാഥയുടെയും കൂട്ടായ പേരിലാണ് വീടും സാമ്പത്തിക സഹായവും നല്കുക. പുനരധിവാസത്തിനുള്ള അന്തിമ പട്ടികയിൽ 402 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. അതേസമയം ഭൂമിയേറ്റെടുപ്പിൽ നിലവിലെ നഷ്ടപരിഹാരത്തുക കുറവാണെന്നും 549 കോടി രൂപ നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്നും ആവശ്യപ്പെട്ട് എൽസ്റ്റൺ എസ്റ്റേറ്റ് വീണ്ടും ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

*****************************************************

## COMPASSIONATE APPOINTMENT– KERALA

ആശ്രിത നിയമനത്തിൻറെ മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാർ പുതുക്കി. സർവ്വീസിലിരിക്കെ മരിക്കുമ്പോൾ 13 വയസ് തികഞ്ഞ

മക്കൾക്ക് മാത്രമേ ഇനി ആശ്രിത നിയമനം വഴി ജോലി ലഭിക്കൂ. സർവീസ് നീട്ടികൊടുക്കൽ വഴിയോ പുനർനിയമനം മുഖേനയോ സർവ്വീസിൽ തുടരുകയും ആ സമയത്ത് മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് അർഹതയുണ്ടായിരിക്കില്ല. മരണപ്പെട്ട ജീവനക്കാരൻ്റെ കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്നും വ്യവസ്ഥയുണ്ട്.

***********************************************

## MINISTER RAJEEV ON YOUTH LABOUR PKD

യുവജനങ്ങൾക്ക് നാട്ടിൽ തന്നെ ജോലി ചെയ്തു ജീവിക്കാനുള്ള സാഹചര്യം ഒരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. പാലക്കാട് പട്ടാമ്പിയിൽ നടന്ന ജില്ലാതല നിക്ഷേപക സംഗമവും സാങ്കേതിക ശില്പശാലയും ഓൺലൈനായി ഉദ്ഘാടനം ചെയ്യവേയാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. വ്യവസായ സംരംഭകർക്ക് സൗഹാർദപരവും അനുകൂലവുമായ അന്തരീക്ഷം ഒരുക്കുന്നതിൽ കേരളം രാജ്യത്ത് ഒന്നാമതാണെന്നും കേരളത്തിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

***********************************************

## RAMZAN

ആയിരം മാസങ്ങളുടെ പുണ്യം പെയ്തിറങ്ങുന്ന രാവ് പ്രതീക്ഷിച്ച് ഇന്ന് റമദാനിലെ 27-ാം രാവിനെ പ്രാർത്ഥനകൾ കൊണ്ട് വരവേൽക്കാനൊരുങ്ങി വിശ്വാസികൾ. ആയിരംമടങ്ങ് പ്രതിഫലം പ്രതീക്ഷിക്കുന്ന ലൈലത്തുൽ ഖദ്റിന് കൂടുതൽ സാധ്യത 27-ാം രാവിലാണെന്ന വിശ്വാസത്തിലാണ് ഇന്നത്തെ രാവിനെ വിശ്വാസികൾ ആരാധന കൊണ്ട് മുഖരിതമാക്കുന്നത്. വിശ്വാസികളെ കൊണ്ട് നിറയുന്ന പള്ളികളിൽ ദിക്റും ഖുർആൻ പാരായണവും മുഴങ്ങും.

***********************************************

## KHELO INDIA – CLOSING CEREMONY

ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 ഇന്ന് സമാപിക്കും. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര യുവജനകാര്യ, കായിക സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പങ്കെടുക്കും. പ്രതിഭാധനരായ കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സുപ്രധാന വേദിയാണ് പാരാ ഗെയിംസ്. എട്ട് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ ആറ് ഇനങ്ങളിലായി 1300-ലധികം പാരാ അത്‌ലറ്റുകൾ പങ്കെടുത്തു.

*************************************************

## REV. NT IPL CRICKET RESULT

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് എട്ട് വിക്കറ്റ് ജയം. ഗുവാഹട്ടിയിൽ നടന്ന മത്സരത്തിൽ രാജസ്ഥാൻ ഉയർത്തിയ 152 റൺസ് വിജയലക്ഷ്യം കൊൽക്കത്ത 17.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ മറികടക്കുകയായിരുന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും.

*************************************************

## PALESTINIANS PROTESTS

ഹമാസ് വിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചും ഇസ്രായേലുമായുള്ള യുദ്ധം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടും വടക്കൻ ഗാസയിൽ നടക്കുന്ന പ്രതിഷേധങ്ങളിൽ നൂറുകണക്കിന് പലസ്തീനികൾ പങ്കുചേർന്നു. ഗാസ മുനമ്പിന്റെ വടക്കൻ ഭാഗത്തുള്ള ഇന്തോനേഷ്യൻ ആശുപത്രിക്ക് മുന്നിലാണ് പ്രതിഷേധം നടന്നത്. യുദ്ധം നിർത്തുക എന്ന മുദ്രാവാക്യങ്ങൾ ആലേഖനം ചെയ്ത ബാനറുകൾ വഹിച്ചു കൊണ്ടാണ് പ്രതിഷേധക്കാർ എത്തിയത്.

आकाशवाणी